**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന അനുവദിക്കപ്പെട്ടിട്ടുള്ള 63.99 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ സ്ഥലം ഏറ്റെടുപ്പും പുനർനിർമ്മാണവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ഈരാറ്റുപേട്ട വാഗമൺ റോഡിന്റെ 4 (1) നോട്ടിഫിക്കേഷൻ 16-06-2023 -ൽ പ്രസിദ്ധീകരിച്ചിരുന്നു. പദ്ധതിയുടെ സാമൂഹിക ആഘാത പഠനം നടത്തുകയും അതിന്റെ റിപ്പോർട്ട് 2023 നവംബറിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം ഏറ്റെടുപ്പ നടപടികളും മറ്റും താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനുള്ള കിഫ്ബി സി.ഇ.ഒ.-യുടെ 12.10.2023 തീയതിലെ എ.പി.ആർ.-1/5676/2022/ കെ.ഐ.ഐ.എഫ്.ബി. നമ്പർ കത്തിലെ നിർദ്ദേശം പുനഃപരിശോധിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത റോഡ് 2023-ൽ ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി PWD BM&BC ഓവർലെ ചെയ്യുകയും നിലവിലെ ട്രാഫിക് കണ്ടീഷൻസിനു പര്യാപ്തമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിന് 3 വർഷത്തെ DLP കാലാവധിയും ബാധകമാണ്. അതിനാൽ, പദ്ധതി നിർത്തിവെക്കാനുള്ള നിർദ്ദേശം പുനപരിശോധിക്കുവാൻ കഴിയുകയില്ലെന്ന് അറിയിച്ചുകൊള്ളുന്നു. |

സെക്ഷൻ ഓഫീസർ